ECONOMICS

# റിസർവ് ബാങ്ക്
# സാമ്പത്തികപ്രതിസന്ധിയും സ്വയംഭരണാവകാശത്തിന് നേരേയുള്ള വെല്ലുവിളിയും

രാജ്യം നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ സാമ്പത്തികപ്രതിസന്ധിയെക്കാൾ സാമ്പത്തിക വിദഗ്ധരെ ആശങ്കപ്പെടുത്തുന്നത് റിസർവ് ബാങ്കിന്റെ സ്വയംഭരണാധികാരത്തിൽ കൈകടത്താനും കരുതൽധനം എടുത്തുപയോഗിക്കാനുമുള്ള കേന്ദ്രസർക്കാരിന്റെ ശ്രമങ്ങളാണ്. മുൻകാലങ്ങളിൽ യുദ്ധകാലത്ത് രാജ്യം അതിഭീകരമായ പ്രതിസന്ധിയിലൂടെ നീങ്ങുമ്പോൾപോലും ഭരണാധികാരികൾ തൊടാൻ തയ്യാറാകാതിരുന്ന കരുതൽധനം തിരഞ്ഞെടുപ്പിന് അഞ്ചുമാസം മാത്രം ശേഷിക്കെ എടുത്തുപയോഗിക്കാനുള്ള ശ്രമങ്ങൾ തെറ്റായ കീഴ്‌വഴക്കങ്ങൾ സൃഷ്ടിക്കുന്നതാണ്. റിസർവ് ബാങ്കും കേന്ദ്രസർക്കാരും തമ്മിൽ ആരംഭിച്ച ശീതയുദ്ധം ഒടുവിൽ റിസർവ് ബാങ്ക് ഗവർണറുടെ രാജിയിൽ കലാശിച്ചിരിക്കുമ്പോൾ തർക്കങ്ങൾക്കു പിന്നിലെ വസ്തുതകൾ ഒന്നു പരിശോധിക്കാം.


| ഡോ. ബി.എ. പ്രകാശ് |

**ഇന്ത്യ**പോലൊരു വലിയ ജനാധിപത്യ രാജ്യത്ത് ഭരണം സുഗമമായി നടത്താൻ കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾക്ക് പുറമേ ഒട്ടനവധി സ്വയംഭരണ സ്ഥാപനങ്ങളുമുണ്ട്. സർക്കാരുകളുടെ ഭരണം നടത്തുന്നതിനു സുസംഘടിതമായ ഒരു സ്ഥിരം സിവിൽ സർവീസ് സംവിധാനമുണ്ട്. ഇതു നയിക്കുന്നത് ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ്, പോലിസ് സർവീസ് തുടങ്ങിയ ഓൾ ഇന്ത്യൻ സർവീസ് ഉദ്യോഗസ്ഥരാണ്. എന്നാൽ പ്രത്യേക വൈദഗ്ധ്യം ആവശ്യമുള്ള പല മേഖലകളിലും രാഷ്ട്രീയ ഇടപെടൽ ഇല്ലാതെ നടത്തേണ്ട തെരഞ്ഞെടുപ്പ് പോലെയുള്ള കാര്യങ്ങൾക്കും സ്വയം ഭരണ സ്ഥാപനങ്ങളും കമ്മീഷനുകളും ഭരണഘടനാ വിഭാവനം ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് സ്വയംഭരണ സ്ഥാപനങ്ങളായ സർവകലാശാലകളും അവയ്ക്ക് ഗ്രാന്റ് നൽകുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനും ഉണ്ട്. രാജ്യത്തെ കറൻസി വിതരണം, ബാങ്കിങ്, മോണിറ്ററി പോളിസി രൂപീകരണം, ബാങ്കുകളുടെ നിയന്ത്രണം തുടങ്ങിയവ നടത്താനുള്ള സ്വയം ഭരണ സ്ഥാപനമാണ് കേന്ദ്ര ബാങ്കായ റിസർവ് ബാങ്ക്. സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത് പാർലമെന്റും സംസ്ഥാന നിയമസഭകളും പാസ്സാക്കിയ



നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്. തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുന്ന രാഷ്ട്രീയ നേതൃത്വം തങ്ങളുടെ നയങ്ങൾക്കും താത്പര്യങ്ങൾക്കും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കും വേണ്ടി സ്വയം ഭരണ സ്ഥാപനങ്ങളുടെമേൽ പരിധി വിട്ടു സമ്മർദം നടത്തുന്ന പ്രവണത വ്യാപകമാണ്. ഇന്ത്യയുടെ കഴിഞ്ഞ ഏഴു ദശാബ്ദകാലത്തെ ചരിത്രത്തിൽ കേന്ദ്രത്തിൽ അധികാരത്തിൽ ഇരുന്ന സർക്കാരുകൾ രാജ്യത്തിന്റെ ധനം, ബാങ്കിങ്, സാമ്പത്തികരംഗം എന്നിവ നിയന്ത്രിക്കുന്നതിൽ സുപ്രധാന തീരുമാനങ്ങൾ എടുക്കുന്ന കേന്ദ്ര ബാങ്കിന്റെ സ്വയംഭരണാവകാശത്തിൽ പരിധിവിട്ട് ഇടപെടുകയോ ബാങ്കിനെ സമ്മർദ്ദത്തിൽ ആക്കുകയോ ചെയ്തിട്ടില്ല. കേന്ദ്ര ധനമന്ത്രാലയത്തിന്റെ പരിധിവിട്ട ഇടപെടൽമൂലമാണ്

> റിസർവ് ബാങ്കിന് താത്പര്യമില്ലാതിരുന്നിട്ടും കേന്ദ്ര സർക്കാരിന്റെ കടുത്ത നിർബന്ധംമൂലം 86 ശതമാനം കറൻസിയും അസാധുവാക്കിയ നോട്ടുനിരോധനത്തിന് 2016 നവംബറിൽ റിസർവ് ബാങ്കിന് സമ്മതം മൂളേണ്ടിവന്നു.



റിസർവ് ബാങ്ക് ഗവർണർ ആയിരുന്ന ഉർജിത്ത് പട്ടേൽ രാജി വച്ചതെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഈ സാഹചര്യത്തിൽ റിസർവ് ബാങ്ക് നിലവിൽ നേരിട്ടുകൊണ്ടിരിക്കുന്ന സ്വയംഭരണ പ്രതിസന്ധി പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ.

## റിസർവ് ബാങ്കിന്റെ ചുമതലകൾ

റിസർവ് ബാങ്ക് ആക്ട് അനുസരിച്ച് രാജ്യത്തിന്റെ സെൻട്രൽ ബാങ്കിങ് അതോറിറ്റിയാണ് കേന്ദ്ര ബാങ്കായ റിസർവ് ബാങ്ക്. കറൻസി നോട്ടുകളുടെയും നാണയങ്ങളുടെയും അച്ചടിയും വിതരണവും, മോണിട്ടറി പോളിസിയുടെ രൂപീകരണം, വില നിയന്ത്രണം, ബാങ്കുകളുടെയും മറ്റു ധനകാര്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെ നിയന്ത്രണം എന്നിവയാണ് പ്രധാന ചുമതലകൾ. മറ്റു ചുമതലകൾ താഴെ പറയുന്നു. രാജ്യത്തെ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്കിതര സ്ഥാപനങ്ങൾ, ഇവയുടെ നിയന്ത്രണം, പ്രവർത്തനം, മേൽനോട്ടം വഹിക്കൽ, കറൻസി മാനേജ്മെന്റ്, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പൊതു കടം മാനേജ് ചെയ്യുക, വിദേശ കറൻസി മാനേജ്മെന്റ്, ബാങ്കുകളുടെയും സംസ്ഥാന സർക്കാരുകളുടെയും ബാങ്ക് ആയി പ്രവർത്തിക്കുക, ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നവരുടെ താത്പര്യം സംരക്ഷിക്കുക തുടങ്ങിയവയാണ്. റിസർവ് ബാങ്ക് ആക്ടിനു പുറമെയുള്ള ബാങ്കിങ് റെഗുലേഷൻ, വിദേശ കറൻസി മാനേജ്മെന്റ് തുടങ്ങിയ ആക്ടുകളും റിസർവ് ബാങ്കിന് വിപുലമായ അധികാരങ്ങളാണു നൽകിയിട്ടുള്ളത്.

## ഗവർണറുടെ രാജി

കേന്ദ്ര സർക്കാരിന്റെ താത്പര്യങ്ങൾക്ക് അനുസരിച്ച് റിസർവ് ബാങ്കിന്റെ നയങ്ങളിലും നടപടികളിലും കാര്യമായ മാറ്റമുണ്ടാകണമെന്ന് ശക്തമായ അഭിപ്രായമാണ് കേന്ദ്രസർക്കാരിന് ഉണ്ടായിരുന്നത്. റിസർവ് ബാങ്കിന് താത്പര്യമില്ലാതിരുന്നിട്ടും കേന്ദ്ര സർക്കാരിന്റെ കടുത്ത നിർബന്ധംമൂലം 86 ശതമാനം കറൻസിയും അസാധുവാക്കിയ നോട്ടുനിരോധനത്തിന് 2016 നവംബറിൽ റിസർവ് ബാങ്കിന് സമ്മതം മൂളേണ്ടിവന്നു. നോട്ടുനിരോധനം സമ്പദ്ഘടനയുടെ എല്ലാ മേഖലകളെയും തകർത്തെറിഞ്ഞു എന്നത് നാമിന്നു നേരിട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്ന വസ്തുതയാണ്. റിസർവ് ബാങ്കിന്റെ കഴിവുകേടും ഏറാൻമൂളി നയവുംമൂലമാണ് ഇതു സംഭവിച്ചതെന്ന് വ്യാപകമായ പരാതി സാമ്പത്തികരംഗത്ത് നിന്നും ഉണ്ടായി. നോട്ടുനിരോധനം സമ്പദ്ഘടനയ്ക്ക് ഗുണകരമാണെന്ന് ആദ്യം പറഞ്ഞിരുന്ന റിസർവ് ബാങ്ക്, ഈ നടപടിയുടെ ഫലം പുറത്തുവിടാൻ മടിച്ചില്ല. അസാധുവാക്കപ്പെട്ട 15.41 ലക്ഷം കോടിരൂപയിൽ 99.3 ശതമാനവും ബാങ്കുകളിലേക്കു തിരിച്ചെത്തിയെന്നു റിസർവ് ബാങ്ക് പറഞ്ഞു. നോട്ടുനിരോധനം വൻ വിജയമാണെന്ന സർക്കാർ പ്രചരണം ഒരു വശത്ത് നടക്കുമ്പോൾതന്നെ വൻ പരാജയമാണെന്ന റിസർവ് ബാങ്കിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ വെട്ടിലാക്കി. കഴിഞ്ഞ കുറെ മാസങ്ങളിലായി റിസർവ് ബാങ്കും കേന്ദ്ര ധനമന്ത്രാലയവും തമ്മിൽ പല സുപ്രധാന കാര്യങ്ങളിലും രൂക്ഷമായ അഭിപ്രായവ്യത്യാസത്തിലാണെന്നും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

ഒക്ടോബർ 26-ന് ആർ.ബി.ഐ. ഡപ്യൂട്ടി ഗവർണർ വിരാൽ ആചാര്യയുടെ പ്രസ്താവനയോടെയാണ് സർക്കാരും ബാങ്കും തമ്മിലുള്ള അഭിപ്രായവ്യത്യാസം മറനീക്കി പുറത്തു വന്നത്. റിസർവ് ബാങ്കിന്റെ സ്വയംഭരണാധികാരത്തിൽ സർക്കാർ ഇടപെട്ടാൽ അർജന്റീനയുടെ ഗതിയാവും ഇന്ത്യയ്ക്കും ഉണ്ടാവുക. 2010-ൽ സർക്കാരിന്റെ ഇടപെടൽ അമിതമായതോടെ അർജന്റീന ഗുരുതര സാമ്പത്തിക തകർച്ചയിലേക്കു വഴുതിവീഴുകയായിരുന്നു. ഇന്ത്യയിലും സർക്കാർ റിസർവ് ബാങ്കിന്റെ സ്വയംഭരണാധികാരങ്ങളിൽ കൈകടത്തിയാൽ രാജ്യത്തെ സാമ്പത്തിക മേഖല ആകെ തകരുമെന്ന് ആചാര്യ മുന്നറിയിപ്പ് നൽകി. സർക്കാരും റിസർവ് ബാങ്കും തമ്മിലുള്ള തർക്കം പരിഹരിക്കാൻ നവംബർ 19-ന് പത്തു മണിക്കൂർ നീണ്ട റിസർവ് ബാങ്ക് ബോർഡ് യോഗം നടന്നു

വെങ്കിലും തർക്കവിഷയങ്ങൾക്ക് പരിഹാരം ഉണ്ടായില്ല. മാത്രവുമല്ല സർക്കാരിന്റെ ആവശ്യങ്ങൾക്ക് വഴങ്ങണമെന്ന ശാഠ്യം കേന്ദ്ര സർക്കാർ തുടർന്നു. കേന്ദ്ര സർക്കാരിന്റെ സമ്മർദ്ദത്തിനു വഴങ്ങി റിസർവ് ബാങ്കിന്റെ സ്വയംഭരണാധികാരം അടിയറവ് വയ്ക്കേണ്ടതില്ല എന്നാണു ബാങ്ക് ഗവർണരുടെയും ഡപ്യൂട്ടി ഗവർണർമാരുടെയും നിലപാട്. ഇതിന്റെ പരിണത ഫലമാണ് ഗവർണറുടെ രാജി.

## കരുതൽ ധനതർക്കം

റിസർവ് ബാങ്ക് വൻതുക കരുതൽ ധനമായി സൂക്ഷിക്കുന്നു. ഈ കരുതൽ ധനത്തിന്റെ നല്ലൊരു പങ്ക് സർക്കാരിന് ചെലവിടാൻ വേണ്ടി കൈമാറണമെന്നാണ് കേന്ദ്ര സർക്കാരിന്റെ ആവശ്യം. വിദേശ കറൻസി, സ്വർണ്ണം, മറ്റ് വായ്പകളിൽനിന്നുള്ള വരുമാനം, പലിശ തുടങ്ങിയവ ഉൾപ്പെടുന്നതാണ് കരുതൽ ധനം. റിസർവ് ബാങ്കിന്റെ പക്കൽ 9.6 ലക്ഷം കോടി രൂപയുടെ കരുതൽ ധനം ഉണ്ട്. ഇത്രയും ഭീമമായ തുക വെറുതേ സൂക്ഷിക്കേണ്ട ആവശ്യം ഇല്ലെന്നാണ് സർക്കാർ പറയുന്നത്. പല രാജ്യങ്ങളിലും കേന്ദ്ര ബാങ്കുകൾ ആവശ്യം കഴിഞ്ഞുള്ള തുക സർക്കാരിന് കൈമാറുന്നു. ഇന്ത്യയിലും ഈ രീതി അനുവർത്തിക്കണമെന്നാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. ഈ സാമ്പത്തിക വർഷം ലാഭവിഹിതമായി 50,000 കോടി രൂപ കേന്ദ്ര സർക്കാരിന് റിസർവ് ബാങ്ക് നൽകിയിരുന്നു. ഇതുപോരാ എന്നാണു കേന്ദ്ര സർക്കാർ പറയുന്നത്. നിലവിലുള്ള കരുതൽ ശേഖരത്തിന്റെ മൂന്നിലൊന്നെങ്കിലും സർക്കാരിലേക്ക് കൈമാറണമെന്നു സർക്കാർ ആവശ്യപ്പെടുന്നു. അന്തർദേശീയ രംഗത്ത് ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി, രൂപയുടെ മൂല്യമിടിവ്, എക്സ്ചേഞ്ച് റേറ്റിൽ ഉണ്ടാകാവുന്ന ഭീമമായ ഇടിവ്, രാജ്യത്തെ ബാങ്കുകളുടെ തകർച്ചയും നിക്ഷേപകരുടെ നിക്ഷേപം കൊടുക്കാൻ കഴിയാത്ത അവസ്ഥ തുടങ്ങിയ അപ്രതീക്ഷിത പ്രതിസന്ധികൾ നേരിടാൻ കൂടുതൽ കരുതൽ ധനം ആവശ്യമാണെന്നാണ് റിസർവ് ബാങ്കിന്റെ സുചിന്തിതമായ അഭിപ്രായം. കരുതൽ ധനം, പൊതു തെരഞ്ഞെടുപ്പ് അടുത്ത കാലഘട്ടത്തിൽ ജനപ്രിയ നടപടികൾക്കു വേണ്ടി ധൂർത്തടിച്ച് ചെലവാക്കാനുള്ളതല്ല എന്നാണ് റിസർവ് ബാങ്ക് കരുതുന്നത്. ഇതാണ് സർക്കാരും റിസർവ് ബാങ്കുമായുള്ള ഏറ്റവും വലിയ തർക്കവിഷയം.

## മറ്റ് തർക്കവിഷയങ്ങൾ

(1) ചില ബാങ്കുകൾക്ക് റിസർവ് ബാങ്ക് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങളിൽ ഇളവ് വേണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്നു. പൊതുമേഖലയിലെ പതിനൊന്ന് ബാങ്കുകൾക്കും സ്വകാര്യ മേഖലയിലെ ധനലക്ഷ്മി ബാങ്കിനും വായ്പകൾ അനുവദിക്കുന്നത് ഉൾപ്പെടെ ചില കാര്യങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഇതിൽ ഇളവ് നൽകണമെന്നാണ് കേന്ദ്ര സർക്കാരിന്റെ ആവശ്യം.

(2) സാമ്പത്തിക മുരടിപ്പും പണലഭ്യതയിലെ കുറവുംമൂലം ബാങ്ക് ഇതര ധനസ്ഥാപനങ്ങൾ, ഭവനവായ്പ കമ്പനികൾ, മ്യൂച്വൽ ഫണ്ടുകൾ എന്നിവ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഇവയ്ക്കായി പ്രത്യേക പുനർവായ്പാ സംവിധാനം ഏർപ്പെടുത്തണമെന്നാണ് കേന്ദ്ര സർക്കാരിന്റെ ആവശ്യം. ഇതിനോടും യോജിക്കാൻ റിസർവ് ബാങ്കിന് കഴിയുന്നില്ല.

(3) കിട്ടാക്കടംമൂലം അടിത്തറ തകർന്ന പൊതുമേഖല ബാങ്കുകൾക്ക് പ്രവർത്തന മൂലധനം നൽകുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരും റിസർവ് ബാങ്കും രണ്ടു തട്ടിലാണ്.

(4) ചെറുകിട വ്യവസായങ്ങൾക്ക് കൂടുതൽ വായ്പ അനുവദിക്കാൻ നിലവിലെ നിയമങ്ങൾ അനുവദിക്കുന്നില്ല. ഇതിൽ ഇളവ് വരുത്തണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്നു. നോട്ടു നിരോധനവും ചരക്കു സേവന നികുതിയും നടപ്പാക്കിയത് മൂലം ചെറുകിട വ്യവസായ മേഖല വലിയ പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധിക്ക് അയവുണ്ടാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തോടും റിസർവ് ബാങ്കിന് യോജിപ്പില്ല.

(5) പൊതുമേഖല ബാങ്കുകളുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ ഘടന മാറ്റുന്ന കാര്യത്തിലും കേന്ദ്ര സർക്കാരിനോട് യോജിക്കാൻ റിസർവ് ബാങ്കിന് കഴിയുന്നില്ല.

(6) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾക്കനുസരിച്ച് റിസർവ് ബാങ്കിന്റെ വിവിധ വകുപ്പുകൾ പ്രവർത്തിക്കാത്ത അവസ്ഥ നിലനിൽക്കുന്നു എന്നാണു സർക്കാരിന്റെ വിലയിരുത്തൽ. ഇത് പരിഹരിക്കാൻ റിസർവ് ബാങ്കിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ സർക്കാർ പ്രതിനിധികൾ ഉൾപ്പെടുന്ന പ്രത്യേക സമിതികൾ ആവശ്യമാണെന്ന് സർക്കാർ അഭിപ്രായപ്പെടുന്നു. ഇതും ഒരു തർക്ക വിഷയമായി നിലനിൽക്കുന്നു.

(7) പഞ്ചാബ് നാഷണൽ ബാങ്കിൽനിന്ന് വായ്പാത്തട്ടിപ്പ് (14,356 കോടി) നടത്തിയതിന്റെ ഉത്തരവാദിത്തം റിസർവ് ബാങ്കിനാണെന്നു കേന്ദ്രസർക്കാരും, ബാങ്കുകളുടെ നിയന്ത്രണത്തിൽ കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന നിയന്ത്രണങ്ങൾമൂലമാണെന്ന് റിസർവ് ബാങ്കും പറയുന്നു.

(8) റിസർവ് ബാങ്കിന്റെ ബോർഡാണോ അതോ ഗവർണറും ഡപ്യൂട്ടി ഗവർണർമാരും ഉൾപ്പെടുന്ന ഉയർന്ന ഉദ്യോഗസ്ഥരാണോ നയപരമായ തീരുമാനങ്ങൾ എടുക്കേണ്ടത് എന്നതാണ് മറ്റൊരു തർക്ക വിഷയം. ഇതിൽ ഗവർണറും ഉന്നത ഉദ്യോഗസ്ഥരുമാണ് നയം തീരുമാനിക്കേണ്ടത് എന്നാണു ബാങ്കിന്റെ നിലപാട്.

## ഉപസംഹാരം

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളിലെ പോരായ്മകൾ, നോട്ടുനിരോധനം, ചരക്കു സേവന നികുതിയിലെ ഉയർന്ന നികുതി നിരക്കുകൾ, ആസൂത്രണ വികസനം നിർത്തലാക്കൽ, കാർഷിക മേഖലയ്ക്കും ചെറുകിട ഉത്പാദകർക്കും സഹായകരമല്ലാത്ത നടപടികൾ, ഡിജിറ്റലൈസേഷൻ തുടങ്ങിയവ സാമ്പത്തിക മേഖലകളിൽ മാന്ദ്യവും മരവിപ്പും സൃഷ്ടിക്കുന്നതിന് ഇടയാക്കി. സാമ്പത്തിക നിലയെക്കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായം ആരായുന്ന റിസർവ് ബാങ്കിന്റെ മൂന്നു മാസത്തിലൊരിക്കലുള്ള കൺസ്യൂമർ കോൺഫിഡൻസ് സർവേകളും സാമ്പത്തികസ്ഥിതി മോശമാണെന്ന നിഗമനത്തിലാണ് എത്തിയത്. മോശമായ സാമ്പത്തിക നിലയും സർക്കാരിന്റെ ധന കമ്മിയും പരിഹരിക്കാൻ റിസർവ് ബാങ്കിന്റെ കരുതൽ ധനം ഉപയോഗിക്കണമെന്ന വാദം ആത്മഹത്യാപരമാണ്. ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും സമ്പദ്ഘടനയുടെയും പൊതുവിലെ സാമ്പത്തിക നിലയും സുസ്ഥിരമായി നിലനിർത്താനുള്ള ഉത്തരവാദിത്വം സ്വയംഭരണസ്ഥാപനമായ റിസർവ് ബാങ്കിനുണ്ട്. താൽക്കാലിക രാഷ്ട്രീയ ലാഭത്തിനുവേണ്ടി റിസർവ് ബാങ്കിന്റെ സ്വയംഭരണാധികാരം ഇല്ലാതാക്കി സർക്കാരിന്റെ ഒരു വകുപ്പായി മാറ്റാനുള്ള നീക്കം രാജ്യത്തിന് ഗുണകരമല്ല. ■

ഈ സാമ്പത്തിക വർഷം ലാഭവിഹിതമായി 50,000 കോടി രൂപ കേന്ദ്ര സർക്കാരിന് റിസർവ് ബാങ്ക് നൽകിയിരുന്നു. ഇതുപോരാ എന്നാണു കേന്ദ്ര സർക്കാർ പറയുന്നത്.

ലേഖകൻ അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ അധ്യക്ഷൻ ആയിരുന്നു